LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

112 [1294] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം കശുവണ്ടിത്തൊഴിലാളികൾക്ക് ശരാശരി എത്ര ദിവസം തൊഴിൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾ, കശുവണ്ടി കോർപ്പറേഷൻ എന്നീ ഓരോ വിഭാഗത്തിലും ശരാശരി നൽകിയ തൊഴിൽ ദിവസങ്ങൾ എത്രയെന്ന് തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) കശുവണ്ടിത്തൊഴിലാളികൾക്ക് പ്രതിമാസം ലഭിച്ച ശരാശരി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കശുവണ്ടി മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതുകൊണ്ട് തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കശുവണ്ടി വികസന കോർപ്പറേഷനിൽ 2001-ൽ 8 ദിവസവും 2003-ൽ 18 ദിവസവും കാപ്പെക്സ് ഫാക്ടറികളിൽ 2002-ൽ 29 ദിവസവും 2003-ൽ 51 ദിവസവും 2004-ൽ 30 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) കശുവണ്ടി വികസന കോർപ്പറേഷനിലെ ശരാശരി മാസവേതനം 2400 രൂപയും കാപ്പെക്സിലേത് 2000 രൂപയുമാണെന്ന് കണക്കാക്കിയിരിക്കുന്നു.

(ഡി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള ബാധ്യതയായി നിജപ്പെടുത്തിയ 107.57 കോടി രൂപ ദീർഘകാല വായ്പയായി 5 ഗഡുക്കളായി പലിശസഹിതം നല്കുവാൻ ഉത്തരവായിട്ടുണ്ട്. ഇത് പ്രാവർത്തികമാകുമ്പോൾ ഫാക്ടറികൾ തുറക്കാനും തൊഴിൽ നൽകാനും സാധിക്കും. കാപ്പെക്സ് ഫാക്ടറികൾ ഇപ്പോൾതന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി ഉല്പാദനം

113 [1295] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, ഡി. സുഗതൻ:

ശ്രീമതി മാധാരാഘവൻ:

ശ്രീ. ജി. പ്രതാപ വർമ്മ തമ്പാൻ:

,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് ആവശ്യത്തിനുള്ള കശുവണ്ടി ഇവിടെ ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ;